ഹദീസ്

**അബ്ദുർറഹ്മാൻ ചെറുവാടി**

# നന്മയുടെ താക്കോലാവുക

عَنْ سَهْلِ بْنِ سَعْدٍ، أَنَّ رَسُولَ اللَّهِ ـ صلى الله عليه وسلم ـ قَالَ: إِنَّ هَذَا الْخَيْرَ خَزَائِنُ، فَطُوبَى لِعَبْدٍ جَعَلَهُ اللَّهُ عزوجل مِفْتَاحًا لِلْخَيْرِ مِغْلاَقًا لِلشَّرِّ، وَوَيْلٌ لِعَبْدٍ جَعَلَهُ اللَّهُ مِفْتَاحًا لِلشَّرِّ مِغْلاَقًا لِلْخَيْرِ (رواه ابن ماجه)

**സഹ്‌ലു ബ്നു സഅ്ദിൽനിന്ന്. നബി (സ) പറഞ്ഞു: "തീർച്ചയായും നന്മ ഖജനാവുകളാണ്. അല്ലാഹു ഏതൊരു അടിമക്ക് അതിനെ നന്മയുടെ താക്കോലും തിന്മയുടെ പൂട്ടുമാക്കിയോ അയാൾക്ക് ഭാവുകം. അല്ലാഹു ഏതൊരു അടിമക്ക് അതിനെ തിന്മയുടെ താക്കോലും നന്മയുടെ പൂട്ടുമാക്കിയോ അയാൾക്ക് വിനാശം" (ഇബ്നുമാജ).**

ഈ ഹദീസ് നിവേദനം ചെയ്ത അബൂയഹ്‌യാ എന്ന് വിളിപ്പേരുള്ള സഹ്‌ലു ബ്നു സഅ്ദ് ഖസ്‌റജ് വംശജനായ അൻസാരി സ്വഹാബിയാണ്. ഹുസ്ൻ എന്നായിരുന്നു പഴയ പേര്. നബി(സ)യാണ് അത് മാറ്റിയത്. ചെറുപ്പത്തിലേ വിശ്വാസിയാണ് സഹ്ൽ. പതിനഞ്ചാം വയസ്സിൽ പ്രവാചക സന്നിധിയിൽ ശാപപ്രാർഥന (ലിആൻ) നടത്തി ദമ്പതികൾ വേർപിരിയുന്നതിന് താൻ സാക്ഷിയായിട്ടുണ്ടെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. ധാരാളം പേർ ഇദ്ദേഹത്തിൽ നിന്നും ഹദീസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവസാനം മരിച്ച സ്വഹാബിമാരിൽ ഒരാളുമാണ്. തൊണ്ണൂറ്റിയൊന്നു വർഷം ജീവിച്ചു. പിതാവ് സഅ്ദും സ്വഹാബിയാണ്.

നന്മ കൊണ്ട് മലക്കുകളെ അതിശയിക്കാനും തിന്മ കൊണ്ട് പിശാചിനെ നാണിപ്പിക്കാനും മനുഷ്യനു സാധിക്കും. നന്ദിയുള്ളവനാകാനും നന്ദികെട്ടവനാകാനും സ്വാതന്ത്ര്യവുമുണ്ട്. സർവരും ആഗ്രഹിക്കുന്നതും പ്രശംസിക്കുന്നതും എനിക്കും ചെയ്യാനായെങ്കിലെന്ന് കൊതിക്കുന്നതുമെന്തോ, അതാണ് നന്മ; സത്യസന്ധത പോലെ, നീതിയും ഉദാരതയും പോലെ. ഏവരും വെറുക്കുന്നതും നൃശംസിക്കുന്നതും പറ്റിപ്പോയല്ലോ എന്ന് ഖേദിക്കുന്നതുമെന്തോ, അതാണ് തിന്മ. ചിലപ്പോൾ ഒരാൾക്ക് നന്മയായത് തന്നെ അപരന് തിന്മയാവാം; ധനം പോലെ. ഉദാരനായ വിശ്വാസി അതുപയോഗിച്ച് നന്മ വാരിക്കൂട്ടുന്നു, ഗർവിഷ്ടനായ താന്തോന്നിക്ക് അനർഥങ്ങൾ പെരുപ്പിക്കാനുള്ള ആയുധമാകുന്നതും അതു തന്നെ.

വലിയൊരു ആശയമാണ് പ്രവാചകൻ പഠിപ്പിക്കുന്നത്. ഒരു വിശ്വാസി നന്മയുടെ താക്കോലാവണം. ഏത് അടഞ്ഞ ഇടങ്ങളിലും അയാൾക്ക് നന്മ കണ്ടെത്താനാവണം. അപ്പോൾ നന്മയുടെ അടയാളമായി അയാൾ മാറും. അയാളെ കാണുന്നവൻ നന്മയെ കാണുന്നു, നന്മയെ ഓർമിക്കുന്നു, അയാളിലൂടെ നന്മക്കവർ ചെവികൊടുക്കുന്നു. അയാളുടെ സഹവാസം കൊണ്ട് മറ്റുള്ളവരിലേക്ക് സൽപ്രവൃത്തികൾ വ്യാപിക്കും. തുറന്ന സുഗന്ധച്ചെപ്പിൽനിന്ന് ചുറ്റിലും പരിമളം പരക്കുന്നതു പോലെ. ചിന്തയും കർമവും വാക്കും നോക്കും ഉള്ളും പുറവും എല്ലാം നന്മയായ മനുഷ്യനെയാണ് ഇസ്‌ലാം തേടുന്നത്.

ഒരാൾ നന്നാകാൻ ചിന്ത നന്നാകണം. ബോധതലം ദൈവസ്മരണയാൽ നിറഞ്ഞുനിൽക്കണം. കർമങ്ങളെ പരലോകസ്മരണ സ്വാധീനിക്കണം. വിചാരണ കാത്തു നിൽക്കുന്നത് കണ്ണിൽ തെളിയണം. സ്വർഗം മുന്നിലുണ്ടെന്നും നരകം പതുങ്ങി പിന്നാലെയുണ്ടെന്നും തിരിച്ചറിയണം. ഈയൊരു ബോധ്യത്തിൽ കർമം സ്ഫുടം ചെയ്യപ്പെടുമ്പോൾ അത് നന്മ. അത്തരം മനസ്സുകൾ അത്ര ഗൗനിക്കാതെ ഉരിയാടുന്നതു പോലും നന്മയായിരിക്കും. തന്നെ കണ്ടുമുട്ടുന്ന നാൾ വരെ അയാൾക്കു വേണ്ടി അല്ലാഹു ആ സ്വഭാവഗുണത്തെ വളർത്തിക്കൊണ്ടിരിക്കും. അങ്ങനെയാണ് നന്മകൾ എടുത്താൽ തീരാത്ത കലവറകളായിക്കൊണ്ടിരിക്കുമെന്ന് അതേപ്പറ്റി നബി (സ) പറഞ്ഞിട്ടുള്ളത്.

നന്മവഴിയിലെ മനുഷ്യന്റെ ഏറ്റവും വലിയ പ്രതിയോഗി അവന്റെ നാവാണ്. തുടകൾക്കും താടിയെല്ലുകൾക്കുമിടയിലുള്ള മനുഷ്യന്റെ അവയവങ്ങളാണ് അവനെ നരകത്തിൽ തള്ളിവീഴ്ത്തുകയെന്ന് റസൂൽ തിരുമേനി ഓർമിപ്പിക്കുന്നുണ്ട്. ഇന്നത്തെ കാലത്ത് നാവെന്നത് കേവലം ഒരവയവമല്ല; വാമൊഴിയായും വരമൊഴിയായും സാമൂഹിക മാധ്യമങ്ങൾ വഴി ലോകമാകെ നാം വീശിയെറിയുന്ന ആശയങ്ങൾ കൂടി ഉൾച്ചേർന്ന ഒരു സംഘാതമാണ്, അതിരുകളില്ലാത്ത ലോകം. പരിധികളില്ലാത്ത പോരാട്ടം, തുറന്നിട്ട വാഗ്വാദങ്ങൾ, ശകാരങ്ങൾ, നിയന്ത്രണമില്ലാത്ത വാക്കുകൾ, അപഹസിക്കപ്പെടുന്ന വിശ്വാസം, ഭത്സിക്കപ്പെടുന്ന ദൈവവും പ്രവാചകരും, ബഹുമാന്യരും സാധാരണക്കാരുമായ പൗരന്മാരുടെ ആത്മാഭിമാനത്തിനു ചിത്രവധം. നാണം മരുന്നിനു പോലുമില്ലാത്ത ഈ കുളിമുറിയിൽ ആണും പെണ്ണും സമം.

നന്മ തേടുന്ന മനുഷ്യാ, സത്യത്തിന്റെ പ്രചാരകനും സ്വർഗത്തിന്റെ അംബാസിഡറുമായി നന്മയുടെ ഭണ്ഡാരങ്ങളുടെ താക്കോൽ സൂക്ഷിപ്പുകാരനാവാൻ പ്രവാചകന്റെ ഈ വാക്കുകൾ നീ ഗൗരവപൂർവം ശിരസ്സാ വഹിക്കുക; 'വിചാരവും വാക്കും ഒരുപോലെയാകുവോളം, വാക്കും വിചാരവും യോജിച്ച് വരുവോളം, വാക്കും പ്രവൃത്തിയും പൂരകങ്ങളാകുവോളം, തന്റെ ചെയ്തികളിൽ അയൽവാസി നിർഭയനാകുവോളം ഒരാളും വിശ്വാസിയാവുന്നില്ല' (ഇബ്നു ബിലാൽ), 'ഓരോ ആദർശത്തിനും ഒരു സംസ്കാരമുണ്ട്. ഇസ്‌ലാമിന്റെ സംസ്കാരം ലജ്ജയത്രെ' (അൽമുവത്വ), 'അപവദിക്കുന്നവനോ ശാപം കൂറുന്നവനോ ദുർവൃത്തനോ അശ്ലീലം പറയുന്നവനോ അല്ല വിശ്വാസി' (തിർമിദി). ഇങ്ങനെ നന്മകളിൽ മുഴുകാനും തിന്മകളിൽനിന്ന് വിട്ടകന്നുനിൽക്കാനും പ്രേരിപ്പിക്കുന്ന ഒട്ടനവധി വചനങ്ങളുണ്ട്. ●